(ഇ) ഇല്ല. വാടക കൊടുക്കുന്നതിനുള്ള ബാദ്ധ്യത പഞ്ചായത്തിനാണ്.

തൃശ്ശൂരിലേയും, ആലപ്പുഴയിലേയും ഡോക്ടർമാരുടെ സ്ഥലംമാറ്റം

1751 [2659] ശ്രീ. നാലകത്തുസൂപ്പി:
,, കെ.പി. രാമൻ:
,, എം.പി.എം. ഇസഹാക്ക് കുരിക്കൾ:
,, പി.വി. മുഹമ്മദ്:
,, പി.കെ.കെ. ബാവ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ തൃശ്ശൂരും, ആലപ്പുഴയിലുമുള്ള ഡോക്ടർമാരെ മാത്രം സ്ഥലം മാറ്റുമ്പോൾ സബ് സ്റ്റിറ്റ്യൂട്ട് ഇല്ലാതെ വിടുതൽ ചെയ്യുകയില്ല എന്നുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഇക്കാര്യത്തിൽ പൊതുവായ രീതി നടപ്പിലാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്:

(ബി) ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര ഡോക്ടർമാർ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം നൽകിയിട്ടുള്ളത്. മറ്റു മെഡിക്കൽ കോളേജുകളിൽ ഈ നിർദ്ദേശം തൽക്കാലം നടപ്പാക്കേണ്ടതില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ സ്റ്റാഫ് നഴ്സ്, അറ്റൻഡർ എന്നിവരുടെ നിയമനം

1752 [2660] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി പ്രൈമറി ഹെൽത്ത് സെന്ററിൽ വേണ്ടത്ര സ്റ്റാഫ് നേഴ്സും അറ്റൻഡറും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം അവിടെ കിടത്തി ചികിൽസിക്കപ്പെടുന്ന രോഗികൾക്ക് വേണ്ടത്ര ശുശ്രൂഷ ലഭിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ടോ?

(സി) അവിടെ കൂടുതൽ സ്റ്റാഫ് നേഴ്സിനേയും അറ്റൻഡറേയും നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള പാറ്റേൺ പ്രകാരം ഒരു സ്റ്റാഫ് നേഴ്സിനേയും ഒരു അറ്റൻഡറുടേയും തസ്തികകൾ അനുവദിക്കേണ്ടതുണ്ട്. ആയതിലേക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

ജൂനിയർ നേഴ്സുമാരുടെ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ്

1753 [2662] ശ്രീമതി റെയിച്ചൽ സണ്ണി പനവേലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ജൂനിയർ നേഴ്സുമാരുടെ തസ്തികയിലേയ്ക്കുള്ള ഒഴിവിൽ നിയമിക്കുന്നതിന് ഒരു റാങ്ക് ലിസ്റ്റ് (പി.എസ്.സി. തയ്യാറാക്കിയത്) നിലവിലുണ്ടോ;

(ബി) ആ ലിസ്റ്റിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(സി) ഇനി എത്ര ഒഴിവുകൾ നിയമനം നടത്താൻ ബാക്കിയുണ്ട്;

(ഡി) ഈ തസ്തികയിൽ നിയമനം നടത്താൻ ഭയവുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5 പേരെ നിയമിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പത്തനംതിട്ട ജില്ലയിൽ സ്റ്റാഫ് നേഴ്സ്മാരുടെ ഒഴിവുകളില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ആൻറ് ന്യൂറോ സയൻസ്

1754 [2670] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-1-1983-ൽ കോഴിക്കോട് തറക്കല്ലിട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ആൻറ് ന്യൂറോ സയൻസ് എന്ന സ്ഥാപനം അവിടെനിന്നും മാറ്റുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്താണ്;

(സി) എവിടേയ്ക്കാണ് മാറ്റാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly